# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.424 29.05.2019-ൽ മറുപടിയ്ക്ക്

**നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തനത് നികുതിയിനത്തിൽ ലഭ്യമായ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ഇനം | തുക (കോടിയിൽ) |
|---|---|
| സംസ്ഥാന ചരക്കു സേവന നികുതി | 21014.71 |
| കാർഷികാദായ നികുതി | 0.70 |
| ഭൂനികുതി | 202.78 |
| മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3693.17 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 177.04 |
| സംസ്ഥാന എക്സൈസ് | 2521.43 |
| വിൽപ്പന നികുതി | 19225.90 |
| വാഹന നികുതി | 3708.61 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 62.38 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 47.40 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; | (ബി) | 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 58588.44 കോടി രൂപയായിരുന്നു. |
| (സി) | ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ്; | (സി) | ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നതിൻെറ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>**1.** കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br>**2.** GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 3. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18% ഉം 12% ഉം ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിച്ചു. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ സ്വീകരിച്ച നടപടികൾഎന്തൊക്കെയാണ് ? | (ഡി) | മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിനെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റുകളിലും നിരത്തുകളിലും വ്യാപക പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 24.04.2018 മുതൽ ആരംഭിച്ച Operation Night Riders എന്ന പേരിലുള്ള പരിശോധനയിൽ 23.05.2019 വരെ ഇത്തരത്തിൽ 45 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് വാഹന പരിശോധന ഊർജ്ജിത മാക്കിയിട്ടുള്ളതാണ്. അനധികൃത കടത്ത് അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി ഉണ്ടാകാതിരിക്കാൻ ചെക്ക് പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തി ക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതല പ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ